പതിമ്മൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 849      13/06/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | കുമാരി . പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനും ഭൂമിയില്ലാത്തവർക്കും വേണ്ടി എത്ര ഭൂമി പതിച്ചു നൽകി എന്നും ഈ ഇനത്തിൽ എത്ര പേർക്ക് പട്ടയം നൽകി; ചേർത്തല താലൂക്കിൽ എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഈ കാലയളവിൽ ഭൂമി നൽകി ;' | എ | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ പുനരധിവാസത്തിനായി 527 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 516.16 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. ഇതിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽപ്പെട്ട 5 പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെടുന്നു. |
| ബി | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പതിച്ചു നൽകിയ ഭൂമി സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലോ മറ്റുള്ളവർ അന്യായമായി കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിലോ അത്തരം ഭൂമി അവർക്ക് വീണ്ടെടുത്തു നൽകാൻ ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര ഭൂമി ഈ സർക്കാർ വീണ്ടെടുത്തു നൽകി എന്നും വെളിപ്പെടുത്തുമോ ? | ബി | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പതിച്ച നൽകിയ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും) നിയമം 1999 ലെ വ്യവസ്ഥകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ഭൂമി തിരിച്ചെടുത്ത് നൽകുകയോ പകരം ഭൂമി നൽകുകയോ ചെയ്യുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യായമായി കൈവശപ്പെടുത്തിയിട്ടുള്ളവർക്കെതിരെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം, 1989 പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. ലഭ്യമായ കണക്കുകൾ അനുസരിച്ച് ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കലും) നിയമം, 1999 പ്രകാരം 709 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ